ഉത്തരം

(എ, ബി, സി) ഉണ്ട്. ഈ റോഡ് മെച്ചപ്പെടുത്തുന്നതിനായി 3.21 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ (ബി. ആൻഡ് ആർ., സൗത്ത് സർക്കിൾ, തിരുവനന്തപുരം) പരിഗണനയിലിരിക്കുകയാണ്. ഇതിലേക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 50,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) ഓതറ മാർത്തോമാപ്പള്ളിയുടെ സമീപമുള്ള വളവുകൾ തീർക്കുന്നതിലേക്കാവശ്യമായ ഭൂമി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ വളവുകൾ തീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലക്ഷംവീടു പദ്ധതിയുമായി സഹകരിക്കാത്ത പഞ്ചായത്തുകൾ

178 [267] ശ്രീ. എൻ. ഭാസ്ക്കരൻ നായർ:

,, ആർ. സുന്ദരേശൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടു പദ്ധതിയുമായി സഹകരിക്കാത്ത കുറെ പഞ്ചായത്തു കമ്മിറ്റികളെങ്കിലും ഉണ്ടായിരുന്നതായി ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം പഞ്ചായത്തുകളിൽ പദ്ധതിക്കുവേണ്ടി വാങ്ങിയ സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുവെന്നും പലരും കയ്യേറാൻ ശ്രമിക്കുന്നുവെന്നും ഉള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പണിത പല വീടുകളും സാരമായ അറ്റകുറ്റപ്പണികൾ കൂടാതെ താമസിക്കാൻ യോഗ്യമല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിക്കുവേണ്ടി ഉപയോഗിക്കാത്ത സ്ഥലം ഹരിജനങ്ങൾക്കു ഭവനം നിർമ്മിക്കുന്നതിനും പണിത വീടുകൾക്ക് അറ്റകുറ്റപണികൾ നടത്തുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. പണിതു വിതരണംചെയ്ത വീടുകളുടെ അറ്റകുറ്റപണികൾ ഗുണഭോക്താക്കൾ തന്നെയാണ് നടത്തേണ്ടത് എന്ന വിവരം പരാതിക്കാരെ അറിയിച്ചിട്ടുണ്ട്.

(ഡി) ബി, സി ഇവയ്ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly